സർക്കാർ വകുപ്പുകളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ജോലി സംവരണം ഏർപ്പെടുത്തുന്നതിന് കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായം അറിയുന്ന മുറയ്ക്ക് പരിഗണിക്കാമെന്നും വിശദീകരിക്കുകയുണ്ടായി. ഇപ്പോഴത്തെ അന്ധവിദ്യാലയങ്ങളിലെ അധ്യാപകരിൽ 55 ശതമാനവും അന്ധരാണ്. നിലവിലുള്ള വികലാംഗപെൻഷൻ 75 രൂപയിൽ നിന്ന് 85 രൂപയാക്കി ഉയർത്തി. വിദ്യാഭ്യാസം നിലവിലുള്ള നിയമപ്രകാരം ഹൈസ്ക്കൂൾതലം വരെ അന്ധർക്ക് സൗജന്യമാണ്. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും വികലാംഗരുടെയും ബധിരരുടെയും അന്ധരുടെയും രജിസ്ട്രേഷൻ നിർബന്ധമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ അവരുമായി ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. പിന്നെ അവർ എന്തിനാണ് സത്യാഗ്രഹം നടത്തുന്നതെന്ന് അറിയുകയില്ല.

(21) കുട്ടിയാർ ഡൈവർഷൻ സ്കീമിന്റെ പരിധിയിൽ നിന്നും കുടിയിറക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഇടുക്കി ജലസംഭരണിയിലേക്കു വെള്ളം തിരിച്ചുവിടുന്നതിനു വേണ്ടി കുട്ടിയാർ ഡൈവർഷൻ സ്കീമിന്റെ പരിസര പ്രദേശത്തു താമസിക്കുന്ന കുടിയിറങ്ങിപ്പോകേണ്ട കൃഷിക്കാരുടെ നഷ്ടപരിഹാരം കൊടുത്തിട്ടില്ല. അവർ സാധുക്കളായ കൃഷിക്കാരാണ്. മറ്റു ഭൂമിയോ താമസിക്കാൻ സൗകര്യമോ തൊഴിലോ ഇല്ലാത്ത, ഈ കുടിയിറങ്ങിപ്പോകുന്ന കൃഷിക്കാർക്ക് എത്രയും വേഗം നഷ്ടപരിഹാരത്തുക കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കുട്ടിയാർ ഡൈവർഷൻ സ്കീമിന്റെ ആവശ്യത്തിനായി 41 വ്യക്തികളിൽ നിന്നായി മൊത്തം 15 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 11 ഹെക്ടർ ഭൂമി പട്ടയം ഇല്ലാത്തതും 4 ഹെക്ടർ പട്ടയമുള്ളതുമാണ്. ഇതിൽ പട്ടയമുള്ളതായ ഭൂമിക്ക് ഇടുക്കി ജില്ലാകളക്ടറോട് നഷ്ടപരിഹാരത്തുക കഴിയുന്നത്ര വേഗം നിശ്ചയിച്ച് അറിയിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളും എത്രയും വേഗം പൂർത്തിയാക്കുന്നതിനായി ബോർഡ് ഉദ്യോഗസ്ഥൻമാർ ജില്ലാ കളക്ടറേറുമായി നിരന്തരം ബന്ധപ്പെട്ടു വരികയാണ്. നഷ്ടപരിഹാരത്തുക എത്രയാണെന്നറിഞ്ഞാൽ ഉടനെതന്നെ ഈ തുക ട്രഷറിയിൽ അടയ്ക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യുന്നതാണെന്ന് ബോർഡ് അധികൃതർ 13-3-1991-ലെ കത്തിലൂടെ ഇടുക്കി ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് 12-3-1991-ൽ ഇടുക്കി കളക്ടറേറ്റിൽ ബോർഡ് ഉദ്യോഗസ്ഥൻമാർ നടത്തിയ അന്വേഷണത്തിൽ പട്ടയം ഇല്ലാത്ത ഭൂമിയുടെ വില നിർണ്ണയ നടപടികളും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിവായിട്ടുണ്ട്. പട്ടയമുള്ള ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികളും ഇലക്ട്രിസിറ്റി ബോർഡിന്റെ ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ മുഖേന പുരോഗമിച്ചുവരുന്നുണ്ട്. ഇവയുടെ അടിസ്ഥാന വില നിർണ്ണയം ഇടുക്കി ജില്ല കളക്ടറേറ്റിലേക്കു അയച്ചിട്ടുണ്ട്. ഇതിന് അംഗീകാരം കിട്ടിയാലുടൻ തന്നെ മേൽനടപടികളും സ്വീകരിച്ച് നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly